ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 21.07.2024 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പാർലമെന്റിന്റെ വർഷകാല സമ്മേളനം നാളെ മുതൽ ; ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ ഇന്ന് സർവ്വകക്ഷിയോഗം ചേരും.

   **The Budget Session of Parliament will begin on Monday ; Government has convened an all-party meeting today.**

2. ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate the 46th Session of the World Heritage Committee at Bharat Mandapam in New Delhi.**

3. നിപ വൈറസ് ബാധ സ്ഥിരീകരിച്ച മലപ്പുറത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി മന്ത്രി വീണാ ജോർജ് ; പ്രാഥമിക സമ്പർക്ക പട്ടികയിലുള്ളത് 214 പേർ ; ആനക്കയത്തും, പാണ്ടിക്കാട്ടും പ്രത്യേക നിയന്ത്രണങ്ങൾ.

   **Prevention activities are strong in Malappuram, where Nipah virus has been confirmed, Minister Veena George; 214 people in the primary contact list; Special restrictions on Anakkayam and Pandikkat.**

4. കർണാടകയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തെരച്ചിൽ ആറാം ദിവസത്തിൽ ; കർണാടക മുഖ്യമന്ത്രി ഇന്ന് സ്ഥലം സന്ദർശിക്കും.

   **The search for Arjun, a native of Kozhikode, who went missing in a landslide in Karnataka, is on its sixth day; Karnataka Chief Minister will visit the place today.**

5. ഏഷ്യാ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യു.എ.ഇ.-യെ നേരിടും.

**In the Women's Asia Cup T20 Cricket, India will take on UAE on Sunday.**

****************************************************

## HEADLINE-1

## GOVT. ALL PARTY MEET

പാർലമെന്റിന്റെ വർഷകാല സമ്മേളനം നാളെ ആരംഭിക്കും. ചൊവ്വാഴ്ചയാണ് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ ബജറ്റ് അവതരിപ്പിക്കുക. സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാരിൻറെ നേതൃത്വത്തിൽ ഇന്ന് സർവ്വകക്ഷി യോഗം ചേരും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്താൻ എല്ലാ പാർട്ടികളോടും സർക്കാർ അഭ്യർഥിക്കും. കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി റിജിജു യോഗത്തിന് അധ്യക്ഷത വഹിക്കും. മൂന്നാം നരേന്ദ്രമോദി സർക്കാരിന്റെ ആദ്യ ബജറ്റാണിത്. വർഷകാല സമ്മേളനം അടുത്തമാസം 12 വരെ നീളും. ആറ് പുതിയ ബില്ലുകൾ ഈ സമ്മേളനത്തിൽ അവതരിപ്പിച്ചേക്കും.

**************************************************

## HEADLINE-2

## PM WORLD HERITAGE (INTRO)

ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വൈകിട്ട് 7 മണിക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യും. ഈ മാസം 31 വരെ നീളുന്ന ലോക പൈതൃക സമിതി സമ്മേളനത്തിന് ഇന്ത്യ ആദ്യമായാണ് ആതിഥേയത്വം വഹിക്കുന്നത്.

**വിശദാംശങ്ങളിലേക്ക്....**

(വോയിസ്)

*ലോക പൈതൃക സമ്മേളനത്തിൽ ഇന്ത്യ ആതിഥേയത്വം വഹിക്കുന്നത് സന്തോഷകരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിന്റെ പൈതൃകം*

*സംരക്ഷിക്കുന്നതിനുള്ള കാഴ്ചപ്പാടുകൾ കൈമാറാൻ സമ്മേളനം വേദിയാകുമെന്ന് പ്രധാനമന്ത്രി പ്രതീക്ഷ പ്രകടിപ്പിച്ചു. ലോക പൈതൃകവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതും പൈതൃക പട്ടികയിൽ ഉൾപ്പെടുത്തേണ്ട സ്ഥലങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നത് ഈ യോഗത്തിലാണ്. നിലവിലുള്ള 124 ലോക പൈതൃക സ്വത്തുകളുടെ സംരക്ഷണ റിപ്പോർട്ടുകൾ, അന്താരാഷ്ട്ര സഹായം, പൈതൃക ഫണ്ടുകളുടെ വിനിയോഗം എന്നിവയും യോഗം ചർച്ച ചെയ്യും. 150 ലധികം രാജ്യങ്ങളിൽ നിന്നുള്ള 2,000-ത്തോളം പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. ഇതിൻറെ ഭാഗമായി ഭാരത് മണ്ഡപത്തിൽ ഇന്ത്യൻ സംസ്കാരം പ്രദർശിപ്പിക്കുന്ന വിവിധ പ്രദർശനങ്ങളും ഒരുക്കും. റിട്ടേൺ ഓഫ് ട്രഷേഴ്സ് എന്ന പേരിൽ രാജ്യത്തേക്ക് തിരികെ കൊണ്ടു വന്ന പുരാവസ്തുക്കളുടെ പ്രദർശനവും ഇതിൻറെ ഭാഗമായി നടക്കും.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

**************************************************

## HEADLINE-3
## NIPAH UPDATE

മലപ്പുറത്ത് നിപ വൈറസ് സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. നിപ പ്രതിരോധത്തിന് സംസ്ഥാനം സജ്ജമാണെന്ന് മന്ത്രി അറിയിച്ചു. നിപ നിയന്ത്രണത്തിനായി സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച എസ്.ഒ.പി. അനുസരിച്ചുള്ള 25 കമ്മിറ്റികൾ രൂപീകരിച്ചു. രോഗം സ്ഥിരീകരിച്ച വ്യക്തിയുടെ പ്രാഥമിക സമ്പർക്ക പട്ടികയിൽ 214 പേരാണുള്ളത്. ഇതിൽ അടുത്തിടപഴകിയ 60 പേരാണ് ഹൈറിസ്ക് വിഭാഗത്തിലുള്ളത്. മഞ്ചേരി മെഡിക്കൽ കോളേജിൽ 30 ഐസൊലേഷൻ റൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിലും ആവശ്യമായ ഐസൊലേഷൻ വാർഡുകൾ ക്രമീകരിച്ചിട്ടുണ്ട്. വ്യക്തിയുടെ റൂട്ട് മാപ്പ് പ്രകാരം ആ സ്ഥലങ്ങളിൽ ആ സമയത്ത് ഉണ്ടായിരുന്നവർ കൺട്രോൾ റൂമുമായി ബന്ധപ്പെടണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. നിപ രോഗലക്ഷണങ്ങളുള്ളവർ കൺട്രോൾ റൂമുമായി ബന്ധപ്പെടണം. പനിയോടൊപ്പം തലവേദന, ജെന്നി, ചുമ,

ശ്വാസതടസം, ശ്വാസംമുട്ടൽ തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ. മലപ്പുറം ജില്ലയിൽ പൊതുയിടങ്ങളിൽ ഇറങ്ങുന്നവർ നിർബന്ധമായും മാസ്ക് ധരിക്കണം. അനാവശ്യമായ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

****************************************************

## NIPAH - MALAPPURAM (INTRO)

മലപ്പുറത്ത് നിപ രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ തുടർ നടപടികൾ ആലോചിക്കാൻ ആരോഗ്യമന്ത്രി വീണാ ജോർജ്ജിന്റെ നേതൃത്വത്തിൽ ഇന്ന് അവലോകനയോഗം ചേരും.

**വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...**

(വോയിസ്)

****************************************************

## HEADLINE-3A
## NIPAH RESTRICTIONS

നിപ രോഗ ബാധ സ്ഥിരീകരിച്ച 14 കാരന്റെ സ്വദേശമായ മലപ്പുറം പാണ്ടിക്കാട്, സ്കൂൾ ഉൾപ്പെടുന്ന ആനക്കയം ഗ്രാമപഞ്ചായത്ത് പരിധികളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവിട്ടു. പൊതുജനാരോഗ്യ നിയമം, ദുരന്ത നിവാരണ നിയമം എന്നിവ പ്രകാരമാണ് ഉത്തരവ്. ഗ്രാമപഞ്ചായത്ത് പരിധികളിൽ ആൾക്കൂട്ടം പൂർണ്ണമായും ഒഴിവാക്കണം. മുൻകൂട്ടി നിശ്ചയിച്ച വിവാഹം അടക്കമുള്ള ചടങ്ങുകൾ ഏറ്റവും പരിമിതമായ ആളുകളെ മാത്രം പങ്കെടുപ്പിക്കണം. മെഡിക്കൽ ഷോപ്പുകൾ ഒഴികെ കടകളും ഹോട്ടലുകളും രാവിലെ 10 മണി മുതൽ വൈകീട്ട് അഞ്ചു മണി വരെ മാത്രമേ പ്രവർത്തിക്കാവൂ. സിനിമാ തിയേറ്ററുകൾ പൂർണ്ണമായും അടച്ചിടും. സ്കൂളുകൾ, കോളേജുകൾ, മദ്രസകൾ, അങ്കണവാടികൾ, ട്യൂഷൻ സെൻററുകൾ തുടങ്ങിയവ പ്രവർത്തിക്കരുത്.

****************************************************

## HEALTH - AES

മധ്യപ്രദേശ്, രാജസ്ഥാൻ,ഗുജറാത്ത് എന്നി സംസ്ഥാനങ്ങളിൽ ചന്ദിപ്പുര വൈറസ്, ജപ്പാൻ ജ്വരം കേസുകളുടെ സ്ഥിതിഗതികൾ ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസ്- അതുൽ ഗോയൽ വിലയിരുത്തി. അണുബാധ മൂലം റിപ്പോർട്ട് ചെയ്യുന്നത് ചുരുക്കം ചില കേസുകൾ മാത്രമാണെന്ന് വിശദമായ പഠനത്തിനുശേഷം ശേഷം കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു. ഗുജറാത്തിലെ ജപ്പാൻ ജ്വരം കേസുകളെസംബന്ധിച്ചു കൂടുതൽ വിശദാംശങ്ങൾ മനസ്സിലാക്കുന്നതിനായി പാരിസ്ഥിതിക പഠനങ്ങൾക്ക് പ്രാധാന്യം നൽകും. ദേശിയ രോഗ നിയന്ത്രണകേന്ദ്രം, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, മൃഗസംരക്ഷണ - ഡയറി വകുപ്പ് എന്നിവയുടെ നിയന്ത്രണത്തിലുള്ള കേന്ദ്രസംഘം ഗുജറാത്ത് സർക്കാരുമായി സഹകരിച്ച പ്രവർത്തിക്കുമെന്നും ആരോഗ്യമന്ത്രാലയം വ്യക്തമാക്കി.

***********************************************

## HEADLINE-4

## KARNATAKA - LANDSLIDE

കർണാടക ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിയായ ലോറി ഡ്രൈവർ അർജുനായുള്ള തെരച്ചിൽ ആറാം ദിവസത്തിൽ. തെരച്ചിലിനായി സൈന്യം ഇന്ന് ഷിരൂരിലെത്തും. ബലഗാവിയിൽ നിന്നുള്ള സംഘമാണ് തെരച്ചിലിനുള്ള നേതൃത്വം ഏറ്റെടുക്കുക. റഡാറിൽ സിഗ്നൽ ലഭിച്ച സ്ഥലത്താണ് ഇന്ന് തെരച്ചിൽ നടത്തുക. എന്നാൽ മോശം കാലാവസ്ഥ ദൗത്യത്തിന് വെല്ലുവിളി സൃഷ്ടിച്ചേക്കുമെന്ന് ആശങ്കയുണ്ട്. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഇന്ന് സംഭവ സ്ഥലം സന്ദർശിക്കും.

***********************************************

## ATTAPADI - BODY RECOVERY

അട്ടപ്പാടിയിൽ നാല് ദിവസം മുൻപ് കാണാതായ ഒരു പോലീസുകാരൻ ഉൾപ്പടെയുള്ള രണ്ടു പേരുടെ മൃതദേഹങ്ങൾ വരഗാർ പുഴയിൽ കണ്ടെത്തി. മുട്ടിക്കുളങ്ങര പോലീസ് ക്യാമ്പിലെ സിവിൽ പൊലീസ് ഓഫീസർ  മുരുകൻ, മേലെ ഭൂതയാർ ഊരിലെ

കൃഷ്ണൻ എന്നിവരാണ് മരിച്ചത്. ഊരിലേക്ക് പോകുന്നതിനായി പുഴ ഇറങ്ങി കടക്കുമ്പോൾ ഒഴുക്കിൽ പെടുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.

*********************************************

## ARANMULA - VALLA SADHYA

ആറന്മുള വള്ളസദ്യക്ക് ഇന്നു തുടക്കമാകും. ദേവസ്വം മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം നിർവഹിക്കും. തുടർന്ന് ആറന്മുളയപ്പന് തൂശനിലയിൽ സദ്യവിളമ്പും. ആറന്മുളയപ്പന്റെ ഇഷ്ടവഴിപാടായ വള്ളസദ്യ 52 കരകളിലെ പള്ളിയോടങ്ങൾക്കായി ഒക്ടോബർ രണ്ടുവരെ നടക്കും. ആറന്മുയിൽ ഇന്നുമുതൽ ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

*********************************************

## NH 66 - KANNUR

ദേശീയ പാത 66 ലെ തലശ്ശേരി-മാഹി ബൈപ്പാസിൽ പള്ളൂർ സ്പിന്നിംഗ് മിൽ ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കാൻ തീരുമാനം. ഇവിടെ സിഗ്നൽ പോയിന്റ് ഒഴിവാക്കും. നിയമസഭ സ്പീക്കർ എ. എൻ.ഷംസീർ, മാഹി അഡ്മിനിസ്ട്രേറ്ററുമായും ദേശീയ പാത ഉന്നത ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചയിലാണ് തീരുമാനമായത്. ഇവിടെ അപകടങ്ങൾ പതിവായിരുന്നു.

*********************************************

## NEET RANCHI

നീറ്റ്-യുജി പ്രവേശനപരീക്ഷാ ചോർച്ച കേസിൽ ഉൾപ്പെട്ടതിനെ തുടർന്ന് റാഞ്ചി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ വിദ്യാർത്ഥിനി സുരഭി കുമാരിയെ സസ്പെൻഡ് ചെയ്തു. നീറ്റ് - യുജി പരീക്ഷാ സമയത്തെ സുരഭി കുമാരിയുടെ എല്ലാ പ്രവർത്തനങ്ങളും അന്വേഷിക്കാൻ മാനേജ്മെന്റ് കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. ക്രമക്കേട് നടത്തിയ വിദ്യാർത്ഥികൾക്കായി ഉത്തരങ്ങൾ തയ്യാറാക്കിയെന്ന കണ്ടെത്തലിൻറെ അടിസ്ഥാനത്തിലാണ് ഇവരെ സിബിഐ അറസ്റ്റ് ചെയ്തത്.

**************************************************

## BANGLADESH - INDIAN RETURN

ബംഗ്ലാദേശിൽ വിദ്യാർത്ഥി പ്രക്ഷോഭം രൂക്ഷമായ സാഹചര്യത്തിൽ ആയിരത്തോളം ഇന്ത്യൻ വിദ്യാർത്ഥികൾ രാജ്യത്തേക്ക് മടങ്ങി. 778 വിദ്യാർത്ഥികൾ വിവിധ തുറമുഖങ്ങൾ വഴിയും, ഇരുനൂറോളം വിദ്യാർത്ഥികൾ വിമാന മാർഗം വഴിയും ഇന്ത്യയിലേക്ക് മടങ്ങിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സുരക്ഷിതമായ യാത്രയ്ക്കായി ഇന്ത്യ ബംഗ്ലാദേശ് അന്താരാഷ്ട്ര അതിർത്തിയിൽ ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷനും അസിസ്റ്റന്റ് ഹൈക്കമ്മീഷനുകളും നടപടികൾ സ്വീകരിച്ചുണ്ട്. അതിനിടെ ബംഗ്ലാദേശിൽ നിശാ നിയമം പ്രഖ്യാപിച്ചിരിക്കുകയാണ്.

**************************************************

## HEADLINE-5

## WOMENS ASIA CUP CRICKET

ഏഷ്യാ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യു.എ.ഇ.-യെ നേരിടും. ഉച്ചയ്ക്ക് രണ്ട് മണിക്കാണ് മത്സരം. മത്സരത്തിൽ വിജയിച്ചാൽ ഇന്ത്യയ്ക്ക് സെമി ബെർത്ത് ഉറപ്പിക്കാം. ഇന്നലെ നടന്ന മത്സരങ്ങളിൽ ആതിഥേയരായ ശ്രീലങ്ക, ബംഗ്ലാദേശിനെയും തായ്‌ലൻഡ് മലേഷ്യയെയും പരാജയപ്പെടുത്തി.

**************************************************

## SUMMER ATHLETICS

പോളണ്ടിലെ വാഴ്സൗയിൽ നടക്കുന്ന സമ്മർ അത്‌ലറ്റിക്സ് 2024 ൽ വനിതകളുടെ 200 മീറ്ററിൽ ഇന്ത്യയുടെ കിരൺ പഹൽ സ്വർണം നേടി. ഈ വർഷത്തെ ഒരു ഇന്ത്യൻ താരത്തിന്റെ മികച്ച പ്രകടനമായ 23.33 സെക്കൻഡിൽ ഫിനിഷ് ചെയ്താണ് കിരൺ പഹലിന്റെ സുവർണ നേട്ടം. പുരുഷന്മാരുടെ 400 മീറ്ററിൽ രാജേഷ് രമേഷ് സ്വർണം നേടി.

**************************************************

## SWEDISH OPEN

സ്വീഡിഷ് ഓപ്പൺ ടെന്നീസിൽ പുരുഷ സിംഗിൾസ് ഫൈനലിൽ സ്പെയിൻറെ റാഫേൽ നദാൽ, പോർച്ചുഗലിന്റെ ന്യൂനോ ബോർഗസിനെ നേരിടും. ഇന്ന് വൈകിട്ട് സ്വീഡനിലെ ബസ്റ്റാദിൽ ആണ് മത്സരം.

**************************************************

## MICROSOFT - CROWDSTRIKE

ക്രൗഡ്സ്ട്രൈക്ക് അപ്ഡേഷനെ തുടർന്ന് ലോകത്താകെ 8.5 ദശലക്ഷത്തോളം വിൻഡോസ് സിസ്റ്റങ്ങൾക്കു പ്രവർത്തനതടസ്സം നേരിട്ടതായി മൈക്രോസോഫ്റ്റിന്റെ വിലയിരുത്തൽ. സാധാരണയായി സോഫ്റ്റ്‌വെയർ അപ്ഡേഷൻ മൂലം സേവനങ്ങളിൽ തടസ്സം നേരിടാറുണ്ടെങ്കിലും ഇത് അസാധാരണമാണ്. സുരക്ഷിതമായ സാങ്കേതിക ശൃംഖലകളുടെയും സൈബർ ദുരന്തനിവാരണത്തിന്റെയും പ്രാധാന്യമാണ് വിഷയം സൂചിപ്പിക്കുന്നതെന്നും മൈക്രോസോഫ്റ്റ് വ്യക്തമാക്കി.

**************************************************

## ISRAEL - AIRSTRIKE

പടിഞ്ഞാറൻ യെമനിലെ തുറമുഖമായ അൽ ഖുദൈദയിലെ ഇന്ധന ഡിപ്പോയിൽ ഇസ്രായേൽ വ്യോമാക്രമണം. സംഭവത്തിൽ 80 പേർക്ക് പരിക്കേറ്റതായി ഹൂതി കേന്ദ്രങ്ങൾ അറിയിച്ചു.

**************************************************

## WEATHER KERALA

വടക്കൻ കേരളത്തിൽ ഇന്നും മഴ തുടരും. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം പ്രഖ്യാപിച്ചു. ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ നാളെ രാത്രി 11.30 വരെ കണ്ണൂർ, കാസർഗോഡ് തീരങ്ങൾക്ക് പ്രത്യേക ജാഗ്രത നിർദ്ദേശം നൽകി. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദ്ദേശമുണ്ട്.

*

*********************************

****************************************************************